**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി മാനേജ് മെന്റ് പ്രൊഫഷണലായ ശ്രീ. ശ്രീകുമാർ.കെ. നായർ, 8 - ബി, കവടിയാർ മാന്വർ, ജവഹർ നഗർ, കവടിയാർ പി.ഒ. തിരുവനന്തപുരം നിയമിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ)നം. 167/2024/മതുവ തിരുവനന്തപുരം, തീയതി: **15-03-2024**

---

പരാമർശം: 1 05-08-2016 തീയതിയിലെ സ.ഉ. (കൈ) നം. 24/2016/മ.തു.വ

2 18-03-2022 തീയതിയിലെ സ.ഉ. (കൈ)നം.7/2022/പി&ഇഎ

3 19-10-2022 തീയതിയിലെ സ.ഉ. (കൈ) നം. 16/2022/മ.തു.വ

4 30-01-2024 തീയതിയിലെ സ.ഉ. (സാധാ) നം. 64/2024/മ.തു.വ

**<u>ഉത്തരവ്</u>**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയിൽ പരാമർശം (1) പ്രകാരം മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി ഡോ. ജയകുമാർ നിയമിതനായിരുന്നു. പരാമർശം 3 - ലെ ഉത്തരവ് പ്രകാരം 18-03-2022 തീയതിയിലെ സ.ഉ.(കൈ)നം.7/2022/പി&ഇഎ ഉത്തരവിലെ നിബന്ധനകളിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, 28-02-2022 മുതൽ രണ്ട് വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നല്കിയിരുന്നു.

2. ആരോഗ്യ സ്ഥിതി പരിഗണിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ നിന്ന് തന്നെ 31-12-2023 മുതൽ ഒഴിവാക്കണമെന്ന് ഡോ.ജയകുമാർ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ, പരാമർശം 4 പ്രകാരം ഡോ.ജയകുമാറിനെ 31-01-2024 ന് വിടുതൽ ചെയ്ത് ഉത്തരവായിരുന്നു.

3. കേരള പബ്ലിക്ക് എന്റർ പ്രൈസസ് സെലക്ഷൻ അന്റ് റിക്രൂട്ട്മെന്റ് ബോർഡ്, മുഖേന പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ തെരഞ്ഞെടുക്കുന്ന പ്രക്രിയയ്ക്ക് കാലതാമസം എടുക്കുമെന്നതിനാലും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തിക ഒഴിച്ചിടുന്നതിന് നിർവ്വാഹം ഇല്ലാത്ത സാഹചര്യത്തിലും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി മാനേജ് മെന്റ് പ്രൊഫഷണലായ ശ്രീ. ശ്രീകുമാർ.കെ. നായർ, 8 - ബി, കവടിയാർ മാന്വർ, ജവഹർ നഗർ, കവടിയാർ പി.ഒ. തിരുവനന്തപുരം - നെ നിയമിച്ച് ഉത്തരവാകുന്നു.

4. ശ്രീ. ശ്രീകുമാർ.കെ.നായരുടെ ശമ്പളവും മറ്റ് അലവൻസുകളും നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.എസ്.ശ്രീനിവാസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ. ശ്രീകുമാർ.കെ. നായർ, 8 - ബി, കവടിയാർ മാന്വർ, ജവഹർ നഗർ, കവടിയാർ പി.ഒ. തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

വിജിലൻസ് വകുപ്പ് (VIG-C2/55/2024-VIG dated 15-03-2024 പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിലേയ്ക്കായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. തുറമുഖം സഹകരണം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്